Submission

സബ്മിഷൻ

മി. സ്പീക്കർ: ഇന്ന് 39 സബ്മിഷനുകളും 2026-ലെ സരൾ (സിംപ്ലിഫൈഡ് & ആക്സിലറേറ്റഡ് റെഗുലേറ്ററി അപ്രൂവൽസ് ആൻഡ് ലൈസൻസിംഗ്) കേരളം ബില്ലും പരിഗണനയ്ക്ക് എടുക്കേണ്ടതുണ്ട്. പ്രസ്തുത ബില്ലിൽ 1811 ഭേദഗതികളുണ്ട്. സഭ സമയത്ത് പിരിയേണ്ടത് അനിവാര്യവുമാണ്. പല അംഗങ്ങളും ടിക്കറ്റുകളെടുത്തതിനെക്കുറിച്ച് എന്നോട് പറഞ്ഞിട്ടുണ്ട്. ഇതെല്ലാം ഉൾക്കൊണ്ടുകൊണ്ട് ഒരു compromise formula എന്ന നിലയിൽ സഭയിൽ ഉന്നയിക്കുന്ന സബ്മിഷന്റെ മറുപടി മേശപ്പുറത്ത് വയ്ക്കാം. ആ മറുപടി ഇപ്പോൾ തന്നെ നൽകിയാൽ അവർക്ക് മാധ്യമങ്ങൾക്ക് വിതരണം ചെയ്യാൻ സാധിക്കും. അതിന് അനുവദിക്കുന്ന അംഗങ്ങളുടെ മാത്രം പരിഗണിക്കാം. പക്ഷേ സഭ പിരിയുന്നത് താമസിച്ചുപോയെന്ന് പിന്നീട് പരാതി പറയരുത്. നിലവിലെ സ്ഥിതി അനുസരിച്ച് സഭ പിരിയുന്നതിന് താമസമെടുക്കും. അത് പരിഹരിക്കുന്നതിനുള്ള മാർഗമാണ് നോക്കുന്നത്. മറുപടി മേശപ്പുറത്ത് വച്ചാൽ മതിയെന്നാണ് പല അംഗങ്ങളുടെയും അഭിപ്രായം. സബ്മിഷൻ

അവതരിപ്പിക്കണമെന്ന് നിർബന്ധമാണെങ്കിൽ രണ്ട് വാചകത്തിൽ ഉന്നയിക്കുകയും രണ്ട് വാചകത്തിൽ മറുപടി പറഞ്ഞ് അവസാനിപ്പിക്കുകയും ചെയ്യാം.

മുഖ്യമന്ത്രി (ശ്രീ. വി. ഡി. സതീശൻ): സർ, ഇതിന് മുമ്പും പലവട്ടം സഭാ സമ്മേളനം അവസാനിക്കുന്ന ദിവസം ഇതുപോലെ കൂടുതൽ സബ്മിഷനുകൾ വരികയാണെങ്കിൽ അത് അവതരിപ്പിച്ചതായി കണക്കാക്കുകയും മന്ത്രിമാർ രേഖാമൂലമുള്ള മറുപടി ഒരു മണിക്കൂറിനകം ലഭ്യമാക്കുകയുമാണ് ചെയ്യുന്നത്. അല്ലെങ്കിൽ 4 മണി കഴിഞ്ഞാലും സഭ പിരിയുവാൻ സാധിക്കുകയില്ല. ഇന്ന് 39 സബ്മിഷനുകളുണ്ട്. പ്രതിപക്ഷംകൂടി പൂർണ്ണമായും യോജിക്കുകയാണെങ്കിൽ അങ്ങനെ ഒരു തീരുമാനമെടുക്കണമെന്നാണ് എന്റെ അഭ്യർഥന.

പ്രതിപക്ഷനേതാവ് (ശ്രീ. പിണറായി വിജയൻ): സർ, ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞത് ശരിയാണ്. അങ്ങനെയൊരു കീഴ്വഴക്കമുണ്ടെന്ന കാര്യം അങ്ങയ്ക്കും അറിയാവുന്നതാണ്. ആ രീതി സ്വീകരിക്കുന്നതാകും ഉചിതം.

Submission

മി. സ്പീക്കർ: സഭാ നേതാവിന്റെയും പ്രതിപക്ഷ നേതാവിന്റെയും പൊതു അഭിപ്രായം പൂർണ്ണമായി അംഗീകരിച്ചുകൊണ്ട് സബ്മിഷനുകൾ അവതരിപ്പിക്കുകയും മറുപടി മേശപ്പുറത്ത് വയ്ക്കുന്നതുമാണ്. മറുപടി ഇന്ന് തന്നെ അംഗങ്ങൾക്ക് ലഭ്യമാക്കണം. അത് മാധ്യമങ്ങൾക്ക് നൽകുന്നതിന് സഹായകരമാകും. ആ നിലയിൽ മുന്നോട്ടുപോകാം. ശ്രീ. മുഹമ്മദ് ഷിയാസിന് സബ്മിഷൻ അവതരിപ്പിക്കാം.

ശ്രീ. വി. ഡി. സതീശൻ: സർ, ഞങ്ങൾ രണ്ട് പേരും പറഞ്ഞത് സബ്മിഷൻ അവതരിപ്പിച്ചതായി കണക്കാക്കിയെന്ന് അങ്ങ് പറയുകയും അതിന്റെ മറുപടി നൽകുകയും ചെയ്താൽ മതിയെന്നാണ്.

മി. സ്പീക്കർ: ആ Sense അനുസരിച്ച് മൂവ് ചെയ്യാം. സബ്മിഷനുകൾ അവതരിപ്പിച്ചതായി അംഗങ്ങൾ കണക്കാക്കുകയും ബഹുമാനപ്പെട്ട മന്ത്രിമാർ ഇന്നുതന്നെ മറുപടി നൽകുകയും ചെയ്യേണ്ടതാണ്.

ശ്രീ. ജി. സുധാകരൻ: സർ, നിയമസഭാ സമ്മേളനം ഇത്ര മണിക്ക് അവസാനിപ്പിക്കണമെന്ന് എത് നിയമത്തിലാണ് പറയുന്നത്; അങ്ങനെ പറയാൻ പാടില്ല. അത് നമ്മുടെ ഒരു understanding ആണ്. വെളുപ്പിന് 3

മണി വരെ ഗൗരിയമ്മയുടെ നേതൃത്വത്തിൽ നിയമനിർമ്മാണം നടത്തിയ സഭയാണ്. അങ്ങനെ പറയാൻ ആർക്കും അധികാരമില്ല. എന്നാൽ മുഖ്യമന്ത്രി പറഞ്ഞതുപോലെ കാണാം. അത് ഒരു നിയമമായി റൂളിങ് നടത്താൻ പാടില്ലെന്നാണ് എന്റെ അഭിപ്രായം.

മി. സ്പീക്കർ: അങ്ങ് വളരെ സീനിയറായ അംഗവും എനിക്കൊപ്പം ഒരേ സിലബസിൽ പഠിച്ചുവന്ന വ്യക്തിയുമാണ്. അതുകൊണ്ട് ഒരു കാര്യം ആലോചിക്കുക. നമ്മൾ ഒരു തീരുമാനമെടുത്താൽ അതനുസരിച്ച് മുന്നോട്ടുപോകണം. അങ്ങയുടെ അഭിപ്രായവുമായി എനിക്ക് തർക്കമില്ല. അങ്ങ് ഇരിക്കൂ. ശ്രീ. ജി. സുധാകരൻ, അങ്ങേയ്ക്ക് മൈക്ക് ഇല്ലാത്തതിനാൽ അങ്ങ് പറയുന്നത് കേൾക്കാൻ സാധിക്കില്ല. ഞാൻ പറയുന്നത് കേട്ടതിനുശേഷം അങ്ങേയ്ക്ക് അവസരം നൽകാം. സഭ ഒരു തീരുമാനമെടുത്തുകഴിഞ്ഞാൽ അതനുസരിച്ച് മുന്നോട്ടുപോകുക എന്നുള്ളതാണ്. സഭയുടെ കീഴ്വഴക്കവും പാരമ്പര്യവും അതല്ലേ. സഭാ നാഥനും പ്രതിപക്ഷനേതാവും ഒരേ അഭിപ്രായം പറയുമ്പോൾ അതിനോട് പൂർണ്ണമായി യോജിക്കുക എന്നതാണ് സ്പീക്കറുടെ ചുമതല. ഞാൻ

അതിനോട് പൂർണ്ണമായി യോജിക്കുകയാണ്, വേണമെങ്കിൽ ഈ സബ്മിഷൻ അവതരിപ്പിച്ച ആളുകളുടെ പേരുകൂടി വായിക്കാം. അങ്ങ് പിന്നെയും എണീറ്റു.

ശ്രീ. ജി. സുധാകരൻ: സർ, എഴുന്നേൽക്കുക എന്നത് എന്റെ അവകാശമാണ്. അങ്ങയുടെ സെൻസിനെ ഞാൻ എതിർത്തില്ല. ഞാൻ ഒറ്റക്കാര്യമാണ് പറഞ്ഞത്. 'സഭ ഇത്ര മണിക്ക് അവസാനിപ്പിക്കണമെന്ന് ഒരിടത്തും പരാമർശിച്ചിട്ടില്ല'. അക്കാര്യം മാത്രമാണ് പറഞ്ഞത്. വേറെ ഒന്നും പറഞ്ഞിട്ടില്ല.

മി. സ്പീക്കർ: ശ്രീ. ജി. സുധാകരൻ, അജണ്ടയിൽ പറഞ്ഞിട്ടുള്ള നടപടികൾ പൂർത്തിയാകുമ്പോൾ സഭ പിരിയും.. ഇന്നത്തെ അജണ്ട സർക്കുലേറ്റ് ചെയ്തിട്ടുണ്ട്. അജണ്ട പൂർത്തീകരിച്ചതിനുശേഷമേ സഭ പിരിയുകയുള്ളൂ. 4 മണി, 3 മണി, 8 മണി, 12 മണി എന്നിങ്ങനെ അതിന് സമയം നിശ്ചയിച്ചിട്ടില്ല. കീഴ്വഴക്കങ്ങൾ പരിശോധിച്ചാൽ ഏറെ കീഴ്വഴക്കങ്ങളുണ്ട്. വെളുപ്പിന് അഞ്ചുമണിക്ക് ഈ സഭ പിരിഞ്ഞ ദിവസങ്ങളുണ്ട്. അങ്ങേയ്ക്ക് ഒരു പക്ഷേ അത് ഓർമ്മയുണ്ടാകും. അതുകൊണ്ട്

അജണ്ട എപ്പോൾ പൂർത്തിയാകുമോ അപ്പോൾ സഭ പിരിയുന്നതാണ്. അജണ്ട വേഗത്തിൽ പൂർത്തിയാക്കുന്നതിനുള്ള മാർഗങ്ങൾ സ്വീകരിക്കാൻ സാധിക്കും. ആ മാർഗത്തെക്കുറിച്ചാണ് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും പ്രതിപക്ഷ നേതാവും ഇവിടെ പറഞ്ഞത്. ആ മാർഗം ശരിയാണെന്ന് ചെയറിനും അഭിപ്രായമുണ്ട്. അതുകൊണ്ടാണ് ഞാൻ ഇത് പറഞ്ഞത്. സബ്മിഷന് നോട്ടീസ് നൽകിയവരുടെ പേര് വായിക്കാം.

ശ്രീ. മുഹമ്മദ് ഷിയാസ്, ശ്രീ. എഫ്. രാജ, ശ്രീ. എ.കെ.എം. അഷ്റഫ് .....എന്താണ് ശാന്തകുമാർ? ശാന്തമായി ഇരിക്കൂ. ഞാൻ ഇതൊന്നും കണ്ടില്ല, കേട്ടില്ലെന്ന് നടിക്കുന്നുവെന്ന് ആരും തെറ്റിദ്ധരിക്കരുത്. എല്ലാവരും സഭയിൽ അലസമായി അങ്ങോട്ടും ഇങ്ങോട്ടും നടക്കുന്നത് സത്യമാണ്, ഈ സമൂഹം അത് കാണുന്നുണ്ട്. പലവട്ടം ഇത് പറഞ്ഞതാണ്. പക്ഷേ പറഞ്ഞിട്ടും പിന്നെയും ഫലപ്രാപ്തിയിൽ എത്തുന്നില്ലെന്നുള്ള ദു:ഖം എന്റെ മനസിലുണ്ട്. അതുകൊണ്ടാണ് പൊതുമരാമത്ത് വകുപ്പുമന്ത്രി ശ്രീ. പി. കെ. ബഷീർ സഭയിൽ ഒരു വർത്തമാനം പറഞ്ഞപ്പോൾ അത് എന്റെയും കൂടി വാക്കായി എടുക്കാമെന്ന് ഞാൻ അന്നേരം പറയാൻ കാരണം.

നമുക്ക് സഭ ശാന്തമായി മുന്നോട്ടുകൊണ്ടുപോകണം. ഈ സഭ എല്ലാവരുടെയും പ്രോപ്പർട്ടി ആണ്. അതല്ലാതെ ഈ സഭ ഒരു വ്യക്തിയുടെ മാത്രമല്ല. പക്ഷേ സഭാനടപടികൾ മുന്നോട്ട് കൊണ്ടുപോകുന്നതിന് റൂൾ ഉണ്ട്, നിയമസഭാ ചട്ടങ്ങളുണ്ട്. അതിന്റെ അടിസ്ഥാനത്തിലാണ് മുന്നോട്ടുപോകേണ്ടത്. ശ്രീ. ജി. സുധാകരൻ എന്നോട് ചോദിച്ച ഒരു ചോദ്യം ഞാൻ തിരിച്ചു ചോദിക്കട്ടെ; സഭയിൽ അലഞ്ഞുതിരിഞ്ഞ് നടക്കാമെന്ന് റൂൾസ് ഒഫ് പ്രൊസീഡ്യുവറിൽ എവിടെയാണ് പറഞ്ഞിരിക്കുന്നത്? അങ്ങനെ ഒന്നില്ല.

ശ്രീ. വി. ഡി. സതീശൻ: സർ, ബഹുമാനപ്പെട്ട അംഗം ശ്രീ. ജി. സുധാകരന്റെ അഭിപ്രായത്തോട് യോജിക്കുകയാണ്. ഇവിടെ ഒരു consensus ഉണ്ടെങ്കിൽ അദ്ദേഹത്തിന് പരാതിയില്ലെന്നാണ് പറഞ്ഞത്. അങ്ങയുടെ അഭിപ്രായത്തോട് യോജിക്കുകയാണ്. നേരത്തെയും സഭ നീണ്ടുപോയിട്ടുണ്ട്. അതുകൊണ്ട് ഇത്ര സമയത്ത് അവസാനിപ്പിക്കണമെന്നത് വേണ്ട. പക്ഷേ ഇവിടെ ഒരു consensus ഉണ്ടായ സാഹചര്യത്തിൽ അങ്ങേയ്ക്ക് ചെയ്യാമെന്നാണ് അദ്ദേഹം

പറഞ്ഞത്. നമ്മളെല്ലാം ഒരുമിച്ചാണ് തീരുമാനമെടുക്കുന്നത്.

മി. സ്പീക്കർ: അത് പൂർണ്ണമായിട്ടും അംഗീകരിച്ചിരിക്കുന്നു. സബ്മിഷൻ നൽകിയിരിക്കുന്ന അംഗങ്ങളുടെ പേര് വായിക്കണമെന്ന് പറഞ്ഞതുകൊണ്ട് മാത്രം വായിക്കുകയാണ്. അത് രേഖയിൽ ഉൾപ്പെടുത്താനാണ്. രേഖകളിൽ സബ്മിഷൻ അവതരിപ്പിച്ച അംഗങ്ങളുടെ പേരുകൾ വരുന്നതിന് വേണ്ടിയാണ്.

ശ്രീ. മുഹമ്മദ് ഷിയാസ്, ശ്രീ. എഫ്. രാജു, ശ്രീ. എ.കെ.എം. അഷ്റഫ്, ശ്രീ. എ. ഡി. തോമസ്, ശ്രീ. വി. കെ. സനോജ്, ശ്രീ. കാരായി രാജൻ, ശ്രീ. പി.എം.എ. സമീർ, ശ്രീ. ടി. ജെ. വിനോദ്, ശ്രീ. സി. ആർ. മഹേഷ്, ശ്രീ. കെ. കെ. രാമചന്ദ്രൻ, ശ്രീ. മുഹമ്മദ് മുഹസിൻ, ശ്രീ. വി. ടി. സൂരജ്, ശ്രീ. സി. അജയപ്രസാദ്, ശ്രീ. കെ. യു. ജനീഷ് കുമാർ, ശ്രീമതി ഫാത്തിമ തഹിലിയ, ശ്രീ. കെ. എം. അഭിജിത്ത്, ശ്രീ. എൻ. ശക്തൻ, ശ്രീ. മനോജ് മൂത്തേടൻ, ശ്രീ. പി. കെ. ഫിറോസ്, ഡോ. മാത്യു കുഴൽനാടൻ, ശ്രീ. തോമസ് ഉണ്ണിയാടൻ, ശ്രീ. ടി. എം. ശശി, ശ്രീ. കെ. ബിനിമോൾ, ശ്രീ. വി. എസ്. ജോയി, ശ്രീ. അപൂ ജോൺ ജോസഫ്,

Submission

ശ്രീ. പഴകുളം മധു, ശ്രീ. ഷിബു തെക്കുംപുറം, ശ്രീ. അബിൻ വർക്കി കോടിയാട്ട്, ശ്രീ. എൻ. കെ. അക്ബർ, ശ്രീ. ദീപക് ജോയ്, ശ്രീ. എം. റഹ്മത്തുള്ള, ശ്രീ. രാജൻ ജെ. പല്ലൻ, ശ്രീ. പി. പ്രസാദ്, ശ്രീ. കുറുക്കോളി മൊയ്തീൻ, ശ്രീ. ടി. ഒ. മോഹനൻ, ശ്രീ. കെ. ജയന്ത്, ശ്രീ. അൻവർ സാദത്ത്, ശ്രീ. സി. വി. ശാന്തകുമാർ, ശ്രീ. കെ. വി. സുമേഷ് എന്നീ 39 അംഗങ്ങളാണ് സബ്മിഷനുകൾ ഉന്നയിച്ചിട്ടുള്ളത്.[+] അവർ നൽകിയ സബ്മിഷന്റെ മറുപടി അതത് മന്ത്രിമാർ ഇന്ന് തന്നെ നൽകുകയും വേണം. ഇതുകൊണ്ട് സമയത്തിന്റെ ലാഭമുണ്ടാക്കാൻ സാധിക്കുമെന്നതാണ് ഓർമ്മിപ്പിച്ചത്. അതിനോട് സഹകരിച്ച എല്ലാ അംഗങ്ങളോടുമുള്ള നന്ദി രേഖപ്പെടുത്തുകയാണ്.

+ സബ്മിഷന്റെ മറുപടികൾ അനുബന്ധമായി ചേർക്കുന്നു.